കെ. പി. പത്മനാഭൻ

കേരള നിയമസഭയുടെ സെക്രട്ടറിയായി 28-4-1984 മുതൽ 8-5-1987 വരെ സേവനം അനുഷ്ഠിച്ചിരുന്ന കെ.പി. പത്മനാഭൻ 17.12.2010-ന് അന്തരിച്ചു.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പ സമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

III അടിയന്തരപ്രമേയം

ജുഡീഷ്യൽ കമ്മീഷനെ സ്വാധീനിക്കാനുള്ള ശ്രമം

മി. സ്പീക്കർ : ഓർഡർ.... ഓർഡർ.... റൂൾ 50 അനുസരിച്ച് ഒരു പ്രമേയം നൽകിയിട്ടുണ്ട്. ഈ അടിയന്തരപ്രമേയം ചെയർ പരിശോധിക്കുകയുണ്ടായി. ജുഡീഷ്യൽ കമ്മീഷനെ സ്വാധീനിക്കാനും ലോട്ടറി മാഫിയ സംഘത്തെ സഹായിക്കാനും ശ്രമിച്ചതായി പറയപ്പെടുന്ന ആരോപണങ്ങളും വെളിപ്പെടുത്തലുകളുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സാഹചര്യം സംബന്ധിച്ച് 7-2-2011-ൽ ഒരു അടിയന്തരപ്രമേയം അനുവദിച്ചിട്ടുള്ളതാണ്. മാത്രമല്ല 22, 23 തീയതികളിലും ഈ വിഷയം സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്തിട്ടുള്ളതും മറുപടി പറഞ്ഞിട്ടുള്ളതുമാണ്. ആയതിനാൽ അവതരണാനുമതി നിഷേധിക്കുന്നു. ...(ബഹളം)..... യെസ്... യെസ്...

(അടിയന്തപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്ന് പന്ത്രണ്ടാം കേരള നിയമസഭയുടെ അവസാന ദിവസമാണ്. ഇന്ന് പ്രതിപക്ഷത്തിന് പറയാനുള്ളത് പറയാനും അതിന് ഗവൺമെന്റിന് മറുപടി പറയാനുമുള്ള അവസരം വിനിയോഗിക്കുന്നതല്ലേ നല്ലത്. ഇന്നലെ ചില പ്രശ്നങ്ങൾ ഇവിടെ ഉന്നയിച്ചപ്പോൾ അന്വേഷണത്തിന് അനുകൂലമായ മറുപടി പറഞ്ഞില്ല. ഇന്ന് ചർച്ച പോലുമില്ല എന്നു പറയുന്നത് ശരിയാണോ ? ഇതുമായി ബന്ധപ്പെട്ട വാർത്തകളാണ് മാധ്യമങ്ങളിൽ മുഴുവൻ വന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ മറച്ചുവയ്ക്കാൻ ഒന്നുമില്ലെങ്കിൽ ഗവൺമെന്റിന് മറുപടി പറയാൻ പറ്റിയ സ്ഥലം നിയമസഭയല്ലേ ? ഇന്നത്തെ മാതൃഭൂമിയിൽ മുഖ്യമന്ത്രി ഇന്നലെ ഇവിടെ പറയാനിരുന്ന മറുപടിയിൽ ചില ഭാഗങ്ങൾ വെട്ടിക്കളഞ്ഞിരിക്കുന്നു. ...(ബഹളം).....

മി. സ്പീക്കർ : യെസ്.. യെസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്..

ശ്രീ. ഉമ്മൻ ചാണ്ടി : വെട്ടിക്കളഞ്ഞത് മുഖ്യമന്ത്രിയാണോ, അതോ മറ്റാരെങ്കിലുമാണോ ? അദ്ദേഹം തയ്യാറാക്കിക്കൊണ്ടുവന്നിരുന്ന കാര്യം ഇവിടെ വായിച്ചിരുന്നെങ്കിൽ പ്രശ്നമൊന്നുമില്ല. ഇന്നലെത്തന്നെ പ്രശ്നം തീരുമായിരുന്നു. ഇതിലെന്തെങ്കിലും ക്രമക്കേട് കാട്ടിയിട്ടുണ്ടെങ്കിൽ അന്വേഷിക്കട്ടെ, ക്രമക്കേട് കാട്ടിയത് ആരായാലും അവർക്ക് ശിക്ഷ ലഭിക്കട്ടെ. തയ്യാറാക്കി കൊണ്ടുവന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വായിച്ചിരുന്നെങ്കിൽ ഇന്നലെത്തന്നെ ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തൃപ്തികരമായ തീരുമാനമുണ്ടാകുമായിരുന്നു. അത് ആരാണ് വെട്ടിക്കളഞ്ഞത്. അതൊക്കെ ഇവിടെ അറിയാനുള്ള സാഹചര്യം വേണ്ടേ.....(ബഹളം).....

മി. സ്പീക്കർ : യെസ്... യെസ്..... .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി : ഗവൺമെന്റിനു പറയാനുള്ളത് പറയട്ടെ. ചർച്ച യില്ലെങ്കിൽ അതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്. ഗവൺമെന്റിന് എന്തൊക്കെയോ മറച്ചുവയ്ക്കാനുണ്ട്. ഗവൺമെന്റിന് പ്രതിപക്ഷം പറയുന്ന കാര്യങ്ങൾക്ക് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട് എന്നാണ് ജനങ്ങൾ ധരിക്കുന്നത്. ഇന്നലെത്തന്നെ പല കാര്യങ്ങളും പുറത്തുവന്നിട്ടുണ്ട്. അതുകൊണ്ട് ഇതു സംബന്ധിച്ച് ചർച്ച വേണം. ഗവൺമെന്റിന് മറച്ചുവയ്ക്കാനില്ലെങ്കിൽ ഗവൺമെന്റ് മറുപടി പറയട്ടെ. .....(ബഹളം).....

മി. സ്പീക്കർ : യെസ്... യെസ്... ചെയർ അടുത്ത നടപടിയിലേക്ക് കടക്കുകയാണ്. ശ്രദ്ധക്ഷണിക്കൽ... ശ്രീ. കെ. സി. ജോസഫ്.. .....(ബഹളം)..... യെസ്, ശ്രീ. പി. വിശ്വൻ .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്നും ഭരണകക്ഷി അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റു നിന്നും മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേക്ക് കടന്നു.)

മി. സ്പീക്കർ : .....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിനോട് സഹകരിക്കണം. ഇന്ന് അവസാനത്തെ ദിവസമാണ്. എല്ലാ അംഗങ്ങളും സഹ കരിക്കണം. ശ്രദ്ധക്ഷണിക്കൽ... ശ്രീ. കെ. സി. ജോസഫ്. Not in the seat. ശ്രീ. പി. വിശ്വൻ .....(ബഹളം) .....

IV ശ്രദ്ധ ക്ഷണിക്കൽ

(ശ്രീ. കെ. സി. ജോസഫ് നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. വിശ്വൻ : സർ, ഗൾഫ് നാടുകളിലെ പതിനേഴുലക്ഷം ഇൻഡ്യാക്കാരുടെ വികാരമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. .....(ബഹളം)..... ഗൾഫ് നാടുകളിൽ തൊഴിലെടുക്കുന്ന ഗൾഫ് മലയാളികൾ ഓരോവർഷവും അയയ്ക്കുന്ന പണം കേന്ദ്രം കേരളത്തിന് നൽകുന്ന പണത്തിന്റെ ഇരട്ടിയാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടിയുണ്ടാകണം. ..... (ബഹളം).....

മി. സ്പീക്കർ : .....(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

LIBRARY ARCHIVES Kerala Legislative Assembly